بسم الله الرحمن الرحيم

# Hazrat Khalifathullah Munir Ahmad Azim (A) 'S Special Message for the spiritual get together at Noorul Islam Masjid at Mathra on 24-25 March 2016

## ആത്മീയ സംഗമനത്തിൽ ഹസ്രത് ഖലീഫത്തുല്ലാഹ് യുടെ പ്രത്യേക സന്ദേശം.

എന്റെ പ്രിയ സഹോദരി സഹോദരന്മാരെ ! അസ്സലാമു അലൈക്കും വ.വ.

കേരളത്തിലെ എന്റെ അനുയായികളോട് ചില കാര്യങ്ങൾ പറയുവാൻ കഴിയുന്നതിൽ എനിക്ക് ഏറെ സന്തോഷമുണ്ട്. അല്ലാഹു (ത) യുടെ കാരുണ്യത്താൽ, കേരള ജമാഅത്ത് ആത്മീയ പഠനങ്ങൾക്കായി പലപരിപാടികളും സംഘടിപ്പിക്കുന്നത് കാണുമ്പോൾ എന്റെ സന്തോഷം ഇരട്ടിയാകുന്നു. കേരളത്തിലെ ഈ പരിപാടി **"മസീഹ് മൗഊദ്** ദിനമായ മാർച്ച് 23 കഴിഞ്ഞുള്ള തൊട്ടടുത്ത ദിവസമാണ് നടക്കുന്നത്. അതുകൊണ്ട് തന്നെ, ഈ പ്രത്യേക ദിനത്തെപ്പറ്റി ചിലകാര്യങ്ങൾ പറയേണ്ടത് എന്റെ കർത്തവ്യമാണ്.

**കഴിഞ്ഞ നൂറ്റാണ്ടിലെ മഹ്ദിയും വാഗ്ദത്ത മസീഹും ആയ ഹസ്രത് മിർസാഗുലാം അഹ്മദ് (അ), 1889 മാർച്ച് 23 – ാം തീയതി ഒന്നാമത്തെ ബൈഅത്ത് വാങ്ങി. ആ ദിനം മുതൽ, വാഗ്ദത്ത മസീഹ് (അ) ന്റെ ജമാഅത്ത് പുരോഗതിയുടെ പാതയിൽ കുതിച്ചുകൊണ്ടിരുന്നു. പലതരത്തിലുള്ള പ്രശ്നങ്ങളും പീഢനങ്ങളും നേരിടേണ്ടിവന്നെങ്കിലും, അതിന്റെ പാത തടസ്സപ്പെടുത്തി ഇല്ലാതാക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. എന്നാൽ, കാലം മുന്നോട്ടു പോയപ്പോൾ അഹ്മദികൾ എന്നവകാശപ്പെടുന്നവർ തന്നെ വാഗ്ദത്ത മസീഹിന്റെ അധ്യാപനങ്ങൾ ചവിട്ടി മെതിക്കുന്ന അവസ്ഥ, ജമാഅത്ത് സ്ഥാപിതമായിട്ടുള്ള ലോക രാജ്യങ്ങളിലൊക്കെ നമുക്ക് കാണാവുന്നതാണ്. അതുകൊണ്ട്, ഈ നൂറ്റാണ്ടിൽ അല്ലാഹു (ത) അവന്റെ മുഹ്യിദ്ദീനും ഖലീഫയും ആയി എന്നെ ഉയർത്തുകയും മറ്റ് പല പദവികളും ഈ വിനീതന് മേൽ ചാർത്തുകയും ഹസ്രത് മസീഹ് മൗഊദിന്റെ ജമാഅത്തിൽ, ഹസ്രത് മുഹമ്മദ് നബിയുടെ ഉമ്മത്തിൽ ഇത്തരം അനുഗ്രഹം വർഷിക്കുകയും, ചെയ്തിരിക്കുന്നു. എല്ലാ ജനവിഭാഗങ്ങളെയും യഥാർത്ഥ ഇസ്ലാമിക അധ്യാപനങ്ങളിലേക്ക് ക്ഷണിക്കുവാൻ ബാധ്യതയുള്ള മതപുനരുദ്ധാകരനായി ഞാൻ അയക്കപ്പെട്ടിരിക്കുന്നു.**

അൽഹംദുലില്ലാഹ്, ഈ കാലത്തെ ഖലീഫത്തുല്ലായെ അംഗീകരിച്ചവരിൽപ്പെട്ടവരാണ് കേരള ജമാഅത്ത്. ഈ ഇരുണ്ട കാലഘട്ടത്തിൽ, സത്യത്തിന്റെ ദീപ ശിഖ കത്തിച്ചു പിടിക്കുവാനും അതുയർത്തി ലോകം മുഴുവൻ പ്രകാശിപ്പിക്കുവാനും വിധിക്കപ്പെട്ടവരാണ് നിങ്ങൾ (അതായത് കേരള ജമാഅത്ത്) ഈ യുദ്ധത്തിൽ നമ്മുടെ ആയുധങ്ങൾ നാം ഉയർത്തിപ്പിടിക്കുന്ന ആശയങ്ങളാണ്. നമ്മുടെ തോക്കുകളും, വാളുകളും നമ്മുടെ തന്നെ പ്രാർത്ഥനകളാണ്; ഉന്നത മതമൂല്യങ്ങളും ധാർമ്മിക മൂല്യങ്ങളും സ്വഭാവ സവിശേഷതകളും പുലർത്തിക്കൊണ്ട് ലോകത്തോട് നാം സംവദിക്കുമ്പോൾ, ദൈവത്തിലേക്ക് ജനങ്ങളെയടുപ്പിക്കുന്ന രാജപാതയായ ഇസ്ലാമിന്റെ വിജയകൊടി ഉയർത്താൻ നമുക്ക് കഴിയും.

**അല്ലാഹുവിന്റെ കൃപയാൽ അസാധാരണ കഴിവുകളാൽ അനുഗ്രഹീതരാണ് കേരളത്തിലെ ജമാഅത്ത് എന്ന് എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. അല്ലാഹുവിൽ നിന്നുള്ള ഈ വരദാനങ്ങൾ നിങ്ങൾ നന്നായി പ്രയോജനപ്പെടുത്തുക. മനസ്സും ഹൃദയവും നിറഞ്ഞ് നിങ്ങളുടെ കഴിവുകൾ ഇസ്ലാമിക സേവനത്തിനായി പ്രയോജനപ്പെടുത്തുക. അങ്ങനെ ചെയ്യുകയാണെങ്കിൽ, നിങ്ങൾക്ക് വൻ വിജയങ്ങൾ നേടിയെടുക്കാം. നിങ്ങൾക്ക് പ്രിയങ്കരമായ നിങ്ങളുടെ ജന്മനാട്ടിൽ ഒരു ധാർമ്മിക – ആത്മീയ പരിവർത്തനം സംജാതമാക്കുവാൻ അല്ലാഹുവിന്റെ അനുഗ്രഹത്തോടെ നിങ്ങൾക്ക് കഴിയുമാറാകട്ടെ.**

എന്നിരുന്നാലും, ഒരു കാര്യം നിങ്ങളോട് പ്രത്യേകം ഉണർത്തേണ്ടതായിട്ടുണ്ട്. ഞാൻ മുകളിൽ പറഞ്ഞ കാര്യങ്ങളൊക്കെ നിങ്ങൾ ചെയ്യുക. എന്നാൽ, അത്തരം പ്രവർത്തികൾ ചെയ്യുമ്പോൾ പരിധികൾ മറന്നു പ്രവർത്തിക്കരുത്. മറ്റുള്ളവരോട് കാട്ടേണ്ട ബഹുമാനവും കരുതലും ഉപേക്ഷിച്ചുകളയരുത്. ജമാഅത്തിന്റെ ചട്ടങ്ങൾ ലംഘിക്കരുത്.

രാജ്യത്തെ നിയമങ്ങൾ അനുസരിക്കുക. ബാദ്ധ്യതകൾ അറിഞ്ഞു പ്രവർത്തിക്കുക. മുതിർന്നവരെ സ്നേഹിക്കുക, കരുതലോടെ അവരോട് പ്രവർത്തിക്കുക, നിങ്ങളുടെ മാതാപിതാക്കളോട് കാരുണ്യത്തോടെ പ്രവർത്തിക്കണമെന്ന്, വിശുദ്ധഖുർആൻ ഉൽബോധിപ്പിക്കുന്നുണ്ട്. ആ ഗ്രന്ഥം പറയുന്നു. **"കാരുണ്യത്തോടെ വിനയത്തിന്റെ ചിറകുകൾ അവർക്ക് താഴ്ത്തിക്കൊടുക്കുക; എന്നിട്ട് പ്രാർത്ഥിക്കുക; എന്റെ നാഥാ! എന്റെ ചെറു പ്രായത്തിൽ അവർ എന്നെ പോറ്റി വളർത്തിയതുപോലെ അവർക്കു നിന്റെ കാരുണ്യം ഇറക്കി നൽകി യാലും"** (17:25)

അതുപോലെ എപ്പോഴും ഓർക്കുക. അമീർ സാഹിബിനോട് അനുസരണ പുലർത്തുന്നതിനോടൊപ്പം അദ്ദേഹത്തെ ബഹുമാനിക്കുക, സ്നേഹിക്കുക. അദ്ദേഹത്തെ മറികടന്ന് മുന്നോട്ടോടി പോകാൻ നിങ്ങൾ വെറുതെ ആവേശം കാട്ടരുത്. നമ്മുടെ നബിതിരുമേനി ഹസ്രത് മുഹമ്മദ് (സ) പറഞ്ഞ കാര്യം ഓർക്കുക. **" അമീർ ഒരു പരിചയാണ്. യുദ്ധത്തിൽ, പരിചയെ മുന്നിൽ നിർത്തി പ്രവർത്തിക്കുക. പരിചയ്ക്ക് മുന്നിൽ കയറി നടന്ന് അപകടം വലിച്ചു വയ്ക്കരുത്. പരിചയെ ഉപേക്ഷിച്ചു മാറുന്നവൻ, നാശം വിളിച്ചു വരുത്തുക യാണ് ചെയ്യുന്നത്."**

അല്ലാഹു (ത) നിങ്ങളോടൊപ്പം ഉണ്ടാകട്ടെ. അല്ലാഹുവിന്റെ പാതയിൽ പരിശ്രമിക്കുവാൻ തയ്യാ റായ, ഇസ്ലാമിന്റെ കർമ്മഭടന്മാരായി തീരാൻ നിങ്ങളെ അവൻ പ്രാപ്തനാക്കട്ടെ. ദീർഘ വീക്ഷണത്തോടെ പ്രവർത്തിക്കുക, തെറ്റായ കാര്യങ്ങൾ ഉപേക്ഷിച്ചു കളയുക, നല്ല പെരുമാറ്റം ജീവിതത്തിൽ നടപ്പിൽ വരു ത്തുക.

**അല്ലാഹു (ത) അതിന്റെ പ്രത്യേക അനുഗ്രഹങ്ങൾ നിങ്ങളുടെ ഈ പഠന സംഗമത്തിൽ ഇറക്കട്ടെ. ആത്മീയ പുരോഗതി ദിവസം കഴിയുന്തോറും ഉണ്ടായിതീരാൻ അവൻ കനിയട്ടെ. എല്ലാ രീതിയിലും ദിവ്യമാർഗ്ഗ ത്തിൽ ചരിക്കുന്നവരാകാൻ നിങ്ങൾക്ക് കഴിയട്ടെ. ആമീൻ. സുമ്മ ആമീൻ, യാറബ്ബൽ ആലമീൻ.**


ISSUED BY
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*



TRANSLATED BY
**Fazil Jamal**